പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.2258

15.7.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

## നദീതട സംരക്ഷണ പദ്ധതി

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ:

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് നദീതട സംരക്ഷണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) നദീതട സംരക്ഷണ പദ്ധതി കൂടുതൽ കാര്യക്ഷമം ആക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നദികൾക്ക് സംരക്ഷണ ഭിത്തികൾ നിർമ്മിക്കുകയും അന:ധികൃത മണൽ ഖനനവും നദീ പുറമ്പോക്ക് കൈയ്യേറ്റങ്ങൾ തടയുന്നതിനും നദീതട സംരക്ഷണത്തിന് നദിക്കരയിൽ മുള, കൈത മുതലായവ വച്ച് പിടിപ്പിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) റിവർ മാനേജ്മെന്റ് ഫണ്ട് നദീതട സംരക്ഷണ പദ്ധതികൾക്ക് മാത്രം ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പു വരുത്തുമോ ; | (ബി) റിവർ മാനേജ്മെന്റ് ഫണ്ട് നദീതട സംരക്ഷണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട നിയമവും ചട്ടവും പ്രകാരമാണ് ഉപയോഗപ്പെടുത്തുന്നത്. |
| (സി) കടവുകളിൽ നിന്നും റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ സ്വരൂപിച്ച തുകയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ - വിഹിതം എത്രയാണ് ; | (സി) കേരള നദീതട സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം 17(2) പ്രകാരം മണൽ വിലയുടെ 50% ആണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം. |
| (ഡി) പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം - ആലോചിക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

Rejeena

സെക്ഷൻ ഓഫീസർ